## പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1944. 17.12.2012 ന് മറുപടിയ്ക്ക്.

## കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്ന് സംരക്ഷണം

**ചോദ്യം**

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

കാട്ടുമൃഗങ്ങളിൽ നിന്നും കാർഷിക വിളകൾക്കും ജനങ്ങളുടെ ജീവനും സംരക്ഷണം നൽകുന്നതിന വേണ്ടി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചവരുന്നത് ?

**ഉത്തരം**

ശ്രീ.കെ.ബി.ഗണേഷ് കുമാർ

(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

കാട്ടുമൃഗങ്ങളിൽ നിന്നും കാർഷിക വിളകൾക്കും ജനങ്ങളുടെ ജീവനും സംരക്ഷണം നൽകുന്നതിലേക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ച വരുന്നു.

1. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
2. സൗരോർജ്ജ – വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.
3. കയ്യാലകളുടെ നിർമ്മാണം.
4. ആനകളുടെ സഞ്ചാരപഥം പുന:സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.
5. വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിന പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.
6. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
7. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം.
8. വിളകൾ നശിപ്പിക്കുന്ന കാട്ടു പന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി.

സെക്ഷൻ ഓഫീസർ.